അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(6) 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ക്ഷീരവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ച മുനിസിപ്പാലിറ്റി ബില്ലുമായി സമാനമുള്ളതാണ്. ഈ ഭേദഗതി ബില്ലിലൂടെ അതിലുള്ള വ്യവസ്ഥകൾ പഞ്ചായത്തുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നു എന്നുള്ളതേ ഉള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതലായി പറയേണ്ടതിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

(ശ്രീ. ടി. എം. ജേക്കബ്): 2003-ലെ പഞ്ചായത്ത്രാജ് (സെക്കൻറ് അമെൻറ്മെൻറ്) ബില്ലിൽ ക്ലാസ് 15-ൽ സെക്ഷൻ 235-നുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. അതിനകത്ത് പറഞ്ഞിരിക്കുന്ന proviso 2003-ലെ കേരള മുനിസിപ്പാലിറ്റി അമെൻറ്മെൻറ് ബില്ലിലെ സെക്ഷൻ 407-ൽ പറഞ്ഞിരിക്കുന്നതിന് സമാനമാണ്. ഇപ്പോൾ മന്ത്രി സമാനമായ ഭേദഗതികളാണെന്ന് പറയുകയുണ്ടായി. ഇത് കൃത്യമായി സമാനമായിട്ടുള്ളതാണ്. സെക്ഷൻ 235-ൽ കൊണ്ടുവന്നിരിക്കുന്ന അമെൻറ്മെൻറ് എന്ന് പറയുന്നതും, അതിനകത്ത് "Provided also that before allowing regularisation if any complaint has been received in that connection such complainant shall be given an opportunity of being heard and that shall also be considered എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് 31-10-1999 വരെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് മാത്രമാണ്. അപേക്ഷ നൽകേണ്ടത് 31-12-1999 വരെ. Proviso-യ്ക്ക് പ്രസക്തിയില്ല. ഞാൻ നേരത്തെ ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. മന്ത്രി അത് ഗൗരവമായി എടുക്കുന്നുണ്ടോ? ഈ സെക്ഷൻ ട്രൈബ്യൂണലിന്റെ സ്കോപ്പിൽ ഇല്ലാത്തതാണ്. വേണമെങ്കിൽ ഗവൺമെൻറിന് ഫീസ് കൂടുതൽ വാങ്ങിച്ചുകൊണ്ട് അതിനുശേഷം 2004 വരെയുള്ളതിന് റെഗുലറൈസേഷനാകാം. പക്ഷേ നമ്മുടെ ഭേദഗതിക്കകത്ത് ഇങ്ങനെ കൊണ്ടുവന്നിരിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ബഹുമാനപ്പെട്ട അംഗം ഇപ്പോൾ ചൂണ്ടിക്കാണിച്ച കാര്യം പ്രസക്തമാണ്. ഇത് സബ്ജക്റ്റ് കമ്മിറ്റി തലത്തിൽ ഗൗരവത്തോടുകൂടി പരിഗണിച്ച് വേണ്ടത് ചെയ്യുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 14-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പഞ്ചായത്ത് രാജ് ആക്ടിലെ വളരെ പ്രധാനപ്പെട്ട പല വകുപ്പുകൾക്കുമുള്ള ഭേദഗതിയാണ് ഇതിൽ ഉദ്ദേശിച്ചിട്ടുള്ളത്; പ്രത്യേകിച്ച് ഗ്രാമസഭയെക്കുറിച്ച്. അതുപോലെ പഞ്ചായത്ത് ഫണ്ട് ട്രഷറിയിൽ വരുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് തീർക്കാനുള്ള ഒരു പ്രധാനപ്പെട്ട ഭേദഗതി ഇതിനകത്തുണ്ട്. വോട്ട് ചെയ്യുന്നതിനുള്ള യന്ത്രം; പഞ്ചായത്ത് ഇലക്ഷനിൽ സംസ്ഥാനം മുഴുവൻ യന്ത്രം ഉപയോഗിച്ച് വോട്ടു രേഖപ്പെടുത്തുക തുടങ്ങിയ പ്രധാനപ്പെട്ട കാര്യം വരുന്നുണ്ട്. അതുപോലെത്തന്നെ പഞ്ചായത്തിന്റെ അധികാരവുമായി ബന്ധപ്പെട്ട, അവർ പിരിച്ചെടുക്കുന്ന കരവുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊക്കെ ചില ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രധാനപ്പെട്ട ഭേദഗതികളൊക്കെ വന്നപ്പോഴും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരത്തിൽ കൂടുതൽ അധികാരം അല്ലെങ്കിൽ കുറച്ചുകൂടി അധികാരം ഏതൊക്കെ കമ്മിറ്റികൾക്കും ഏതൊക്കെ വകുപ്പുകൾക്കും ഉണ്ടാകും എന്നത് സംബന്ധിച്ചുള്ള കാര്യം വന്നിട്ടുണ്ട്. പ്രസിഡൻറും വൈസ് പ്രസിഡൻറുമൊക്കെ ചുമതല എടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളും കാസ്റ്റിംഗ് വോട്ടും എല്ലാം ഇതിനകത്ത് പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്ത് നിയമത്തിൽ അല്ലെങ്കിൽ പഞ്ചായത്തിന്റെ യോഗത്തിൽ ഒരു കാസ്റ്റിംഗ് വോട്ട് ഉപയോഗിക്കുന്ന തരത്തിലുള്ള വകുപ്പ് വേണമോ എന്ന് ആലോചിക്കണം. അതുപോലെതന്നെ ചട്ടങ്ങളുണ്ടാക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ഞാൻ ആദ്യം തന്നെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ സഭയിൽ ഒന്നു രണ്ട് തവണ ഉന്നയിച്ച കാര്യമാണ് തെരുവ് നായ്ക്കളുടെ ശല്യം. അത് പഞ്ചായത്ത് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസമാണ്. തെരുവ് പട്ടികളുടേയും പേപ്പട്ടികളുടേയും ആക്രമണം വളരെ വർദ്ധിച്ചിരിക്കുകയാണ്. പട്ടി പിടിക്കാനും പേപ്പട്ടികളെ നശിപ്പിക്കാനുമുള്ള നിയമപരമായിട്ടുള്ള ചില വ്യവസ്ഥകൾ നിലനിൽക്കുന്നു. ഇതൊരു വലിയ വിഷയമാണ്. ഇതിൽ ഒരുപാട് വകുപ്പുകളിൽ ഭേദഗതി കൊണ്ടുവരുമ്പോൾ പഞ്ചായത്ത് അനുഭവിക്കുന്ന ഇതുപോലെയുള്ള വൈഷമ്യങ്ങൾ തരണം ചെയ്യാൻ കഴിയണം. എം. എൽ. എ. ക്വാർട്ടേഴ്സിനുള്ളിൽ അടക്കം ഞങ്ങളൊക്കെ രാത്രി വൈകി വരുമ്പോൾ അവിടെയൊക്കെ പട്ടിയല്ല, പട്ടികളുടെ ജാഥയാണ് കാണാൻ കഴിയുന്നത്. തെക്ക് നിന്ന് വടക്കോട്ടും വടക്കുനിന്ന് പടിഞ്ഞാറോട്ടും രണ്ട് വരി, മൂന്ന് വരി ജാഥയായിട്ടാണ് പട്ടികൾ പോകുന്നത്. കടിച്ചാലുള്ള സ്ഥിതി എന്തായിരിക്കും? അതുകൊണ്ട് വളരെ വൈകി വരുമ്പോൾ ഭയപ്പെട്ടിട്ടാണ് വരുന്നത്. ഇതിനൊക്കെ ഒരു സംരക്ഷണം വേണ്ടേ?

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പട്ടികളുടെ ശല്യം കേരളത്തിൽ കൂടുതലാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരെ പട്ടി പിടിക്കുന്ന ജോലി ഏർപ്പെടുത്താൻ മുൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. വി. ജെ. തങ്കപ്പൻ ഒരു നിർദ്ദേശം വച്ചിരുന്നു. പട്ടികളുടെ എണ്ണം കൂടിയ ഈ സാഹചര്യത്തിൽ ഇക്കാര്യം നമുക്ക് ആലോചിക്കാമോ? അങ്ങയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ അതിന്റെ പ്രയാസം.....

ശ്രീ. ജോണി നെല്ലൂർ: എം. എൽ. എ. കാർട്ടേഴ്സിൽ പട്ടികളുടെ ജാഥ കാണുന്നുണ്ടെന്നേ അങ്ങ് പറഞ്ഞു. ഈ പട്ടികളും ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ കക്ഷിയുമായി ബന്ധമുള്ളതാണോ എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഒരു കാര്യം പറയാം. പട്ടികളെക്ക ആളുകളെ കടിക്കുന്നതിന് എൽ. ഡി. എഫ്., യു. ഡി. എഫ്. എന്നൊന്നുമില്ല. പട്ടി എല്ലാവരേയും കടിക്കുകയാണ്. അതുകൊണ്ട് ഒരു സംരക്ഷണം വേണം. കൂട്ടത്തിൽ ഞാൻ ഒരു കാര്യം പറയാം, മാതൃഭൂമി പത്രത്തിൽ കഴിഞ്ഞ ദിവസം പ്രധാനപ്പെട്ട വാർത്തയായി വന്നിരുന്നു; റോബർട്ട് എന്നു പേരുള്ള ഒരു ചെറുപ്പക്കാരൻ കർണ്ണാടക സ്റ്റേറ്റിൽ അവർ എങ്ങനെയാണ് പട്ടികളെ പിടിക്കുന്നത് എന്നതുസംബന്ധിച്ച് അയാൾതന്നെ എഴുതിയതായിരുന്നു. അദ്ദേഹം എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആളാണ്. ആ റിപ്പോർട്ട് മിനിസ്റ്റർ പരിശോധിക്കുന്നത് നന്നായിരിക്കും. ഞാൻ ബില്ലിലേക്ക് വരുന്നതിനുമുമ്പായി ഞങ്ങൾ പ്രകടിപ്പിച്ച ആശങ്ക, ചർച്ചകളിൽ ഇങ്ങനെ ഒരു അവസരം വരുമ്പോൾ തീർച്ചയായും മെമ്പർമാർ അത് ഉന്നയിക്കും, ഗവൺമെന്റ് അതിന്റെ വിശദീകരണം പറയണം. പഞ്ചായത്ത് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക ഉൾപ്പെടെയുള്ള കാര്യങ്ങൾ കേരളത്തിലുടനീളം ചർച്ച നടക്കുന്ന സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി സമ്മേളനം വിളിച്ചുകൂട്ടിയത്. എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും നിയമസഭാ കക്ഷി നേതാക്കൻമാർ പങ്കെടുത്ത ഒരു മീറ്റിംഗാണത്. ഞങ്ങൾ ഈ കാര്യം അവിടെ ഉന്നയിച്ചു. നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിനു മുമ്പാണ്. തെരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചുകൂട്ടിയ സർവ്വകക്ഷി സമ്മേളനമാണ്. ആ സമ്മേളനത്തിൽ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച കാര്യങ്ങൾ ഉന്നയിച്ചു. അപ്പോൾ ഗവൺമെന്റ് തെരഞ്ഞെടുപ്പ് നടത്താൻ എല്ലാ നടപടികളും സ്വീകരിച്ചു എന്നാണ് പറയുന്നത്. തെരഞ്ഞെടുപ്പ് കമ്മീഷനേറയും, ജില്ലയിലെ ഇലക്ഷൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ഈ സെപ്റ്റംബർ അവസാനത്തെ ആഴ്ച തെരഞ്ഞെടുപ്പ് നടത്താൻ എങ്ങനെയാണ് കഴിയുന്നത്? ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചുകാണും; കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചില ചോദ്യങ്ങൾ ഉന്നയിച്ചു. അവിടെ ശ്രീ. പോൾസൺ മാസ്റ്ററുടെ മണ്ഡലത്തിൽ ചില പരിപാടികളിൽ പങ്കെടുത്തപ്പോൾ വളരെ പ്രാധാന്യത്തോടുകൂടി പത്രങ്ങൾ അത് പ്രസിദ്ധീകരിച്ചു. എങ്ങനെയാണ് ഈ ഇലക്ഷൻ നടത്താൻ കഴിയുക?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഇവിടെ മന്ത്രി അല്പം മുമ്പും അസന്ദിഗ്ദ്ധമായി തെരഞ്ഞെടുപ്പ് ഉറപ്പായി നടത്തുമെന്നു സൂചിപ്പിക്കുകയുണ്ടായി. തെരഞ്ഞെടുപ്പ് യു. ഡി. എഫ്. നീട്ടിക്കൊണ്ടു പോകുമെന്ന് പുറത്ത് പ്രചരണം നടത്തുമ്പോഴും, അതേ രീതിയിൽ വീണ്ടും വീണ്ടും നടത്തുമെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചതാണ്. കരളെടുത്ത് കാണിച്ചാലും ചെമ്പരത്തിപ്പൂവാണെന്നു പറയുന്നതുപോലെ ഇത് വീണ്ടും വീണ്ടും ആവർത്തിക്കുന്നത് ശരിയല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ സഭയിൽ ശ്രീ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിക്കുന്ന എട്ട് ബില്ലുകൾ ഇന്ന് ചർച്ച ചെയ്യുകയാണ്. ഇവിടെ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾക്ക് മന്ത്രിയുടെ വിശദീകരണമായാലു

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് കിട്ടുന്ന ഉറപ്പായാലും പ്രസ്താവന ആയാലും ഇത് പുറത്തുള്ള ജനപ്രതിനിധികളും ജനങ്ങളും ശ്രദ്ധിക്കുന്നതാണ്. അതുകൊണ്ടാണ് ഞങ്ങളും വീണ്ടും വീണ്ടും ഉന്നയിക്കുന്നത്. സെപ്റ്റംബർ അവസാനത്തെ ആഴ്ചയാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്, ഇന്ന് ജൂലായ് മാസം മൂന്നാമത്തെ ആഴ്ച ആയില്ലേ? 26-ാം തീയതിയായി. ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി ഇലക്ഷൻ നടത്താൻ ആഗ്രഹിച്ചാൽ ഇലക്ഷൻ നടത്താൻ പറ്റുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ബില്ലിൽ ഇലക്ഷൻ നടത്താതിരിക്കാൻ വ്യവസ്ഥ വല്ലതുമുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. കെ. സി. ജോസഫ്, ഇത് നടത്താതിരിക്കാനുള്ള വ്യവസ്ഥയോ? യന്ത്രം വച്ച് നടത്തേണ്ട കാര്യത്തെ കുറിച്ചാണ് പറഞ്ഞത്. അതുകൊണ്ടാണ് ആ പോയന്റ് ഞാൻ ഇവിടെ പറയുന്നത്. ഇതിൽ അഞ്ച് ജില്ലാ പഞ്ചായത്തുകളും ഇരുപത്തിയഞ്ചോ ഇരുപത്തിയാറോ പഞ്ചായത്തുകളും, ഒമ്പതോളം ബ്ലോക്ക് പഞ്ചായത്തുകളും, രണ്ട് മുനിസിപ്പാലിറ്റികളും തുടങ്ങിയവയ്ക്ക് വാർഡ് നിശ്ചയിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഓർഡർ ഇറങ്ങിയോ? ഗവൺമെന്റിന്റെ അതുസംബന്ധിച്ചുള്ള ആക്ഷേപങ്ങൾ കേട്ട് അതുസംബന്ധിച്ചുള്ള ഹിയറിംഗ് നടത്തിയോ? അതുസംബന്ധിച്ചുള്ള ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചോ? ഇത് ഗവൺമെന്റ് ചെയ്യേണ്ടതാണ്. ശ്രീ. സതീശൻ, ഇത് കേസ് കൊടുത്ത കാര്യമല്ല. ഇത് ഞങ്ങൾ കേസ് കൊടുത്തതാണോ? കേസ് കൊടുത്തതല്ല. ഗവൺമെന്റ് ഇറക്കേണ്ട ഉത്തരവ്, ഇവിടെ ഉദ്യോഗസ്ഥർ എല്ലാവരും ഇരിക്കയല്ലെ, വാർഡുകളുടെ നമ്പറിനും അതിന്റെ അതിർത്തി നിർണ്ണയിച്ചുകൊണ്ടും ഗവൺമെന്റ് ഉത്തരവ് ഇറങ്ങണ്ടേ? അതു കഴിഞ്ഞ ശേഷമല്ലേ ഈ കാര്യങ്ങൾ ചെയ്യാൻ പറ്റൂ. ഇത് ഒരു ഗ്രാമ പഞ്ചായത്ത് ചെയ്തു; ബ്ലോക്ക് പഞ്ചായത്ത് ചെയ്തു; എന്നൊക്കെ പറഞ്ഞാലും ഇതിന്റെ ഒരു പ്രോസസ്സിംഗ് ഇല്ലേ? ഇതൊന്നും ചെയ്യാതെ ഞങ്ങൾ ഇലക്ഷൻ നടത്തുന്നു പറഞ്ഞാൽ എങ്ങനെയാണ് ഇലക്ഷൻ നടത്താൻ കഴിയുക? അതാണ് എന്റെ കവസ്റ്റ്യൻ. ഇതിൽ രാഷ്ട്രീയം കളിക്കുകയല്ല. കേരളത്തിൽ എൽ. ഡി. എഫോ, യു. ഡി. എഫോ അതല്ലാത്ത കക്ഷികളോ ജയിക്കുകയോ തോൽക്കുകയോ എന്നുള്ളതല്ല ഇവിടുത്തെ പ്രശ്നം. ഇത് ഭരണഘടനാപരമായ അധികാരമാണ്. 5 വർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നടത്തണമെന്നതിനെ സംബന്ധിച്ചാണ് ഇവിടെ ഉന്നയിക്കുന്നത്. അങ്ങനെ തെരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞില്ലെങ്കിൽ ഈ കമ്മിറ്റിക്ക് അധികാരം നീട്ടിക്കൊടുക്കാൻ പറ്റില്ലല്ലോ; ഈ സഭയിൽ ഒരു ഭേദഗതി കൊണ്ടുവന്നു പാസ്സാക്കി പഞ്ചായത്ത് കമ്മിറ്റികളുടെ കാലാവധി 6 മാസം കൂടി നീട്ടിക്കൊടുക്കാൻ കഴിയുമോ? അതിനുള്ള അധികാരം നമുക്കുണ്ടോ? ഇതു പറയുമ്പോഴാണ് സംശയങ്ങൾ വരുന്നത്. ഈ കമ്മിറ്റികളുടെയൊക്കെ കാലാവധി ഒക്ടോബർ രണ്ടാം തീയതി തീരുകയാണ്. പുതിയ കമ്മിറ്റി വരത്തക്ക രീതിയിൽ എല്ലാം കഴിഞ്ഞില്ലേ? അപ്പോൾ അഡ്മിനിസ്ട്രേറ്ററെ വയ്ക്കണം, കാരണം, പഞ്ചായത്തുകളുടെ ഭരണം സ്തംഭിപ്പിക്കാൻ പറ്റുമോ? മുനിസിപ്പാലിറ്റിയിലും പഞ്ചായത്തുകളിലും ഭരണം സ്തംഭിപ്പിക്കാൻ പറ്റുമോ? അപ്പോൾ അഡ്മിനിസ്ട്രേറ്ററായി അങ്ങനെ വന്നാൽ തിരഞ്ഞെടുപ്പ് നീണ്ടുപോകുമോയെന്നുള്ള ആശങ്ക ഞങ്ങൾ ഇവിടെ പ്രകടിപ്പിച്ചു എന്നുള്ളത് ഉള്ളൂ. അതുകൊണ്ട് ഗവൺമെന്റ് അങ്ങനെ ആത്മാർത്ഥമായി ആവർത്തിച്ചു പറഞ്ഞാൽ മാത്രം പോര അതിനുള്ള ശക്തമായ നടപടി ഇനിയും നിങ്ങൾ സ്വീകരിച്ചേ പറ്റൂ.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ കോർപ്പറേഷനിൽ വോട്ടർ പട്ടിക പോലും ഇല്ല. ഞാൻ തൃശ്ശൂർ കോർപ്പറേഷനിലെ വോട്ടറാണ്. പട്ടിക പോലും വന്നിട്ടില്ലല്ലോ? പിന്നെ എങ്ങനെയാണ് ഇലക്ഷൻ നടത്താൻ പറയുക? അതിൽ ആരെങ്കിലും കേസ് കൊടുത്തിട്ടാണോ? വോട്ടർ പട്ടികയില്ല. കോർപ്പറേഷൻ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കണ്ടേ? ആദ്യം പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക കോർപ്പറേഷൻ പറഞ്ഞു മാറിയിയില്ലേ? നിങ്ങൾ പരിശോധിച്ചാൽ മതി. മിനിസ്റ്റർ പരിശോധിക്കാൻ വേണ്ടി സൂചിപ്പിച്ചുപെന്നേയുള്ളൂ. അതു പോലെത്തന്നെ ചട്ടം ഉണ്ടാക്കാൻ വന്ന കാലതാമസത്തെക്കുറിച്ച് ഇതിലെ ഉദ്ദേശ കാരണങ്ങളിൽ വിവരിക്കുന്നുണ്ട്. എങ്ങനെയാണ് നിയമങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുന്നത്? പ്രസ്തുത ആക്ടിലെ കെട്ടിട നിർമ്മാണങ്ങളെക്കുറിച്ച് 235 (A) മുതൽ 235 (Z) വരെയുള്ള വകുപ്പുകൾ പ്രാബല്യത്തിലുള്ള തീയതികൾ 2001 ജനുവരി 1-ാം തീയതിയാണ്. നമ്മൾ പാസ്സാക്കിയ നിയമമാണ്. എന്നാൽ ചട്ടങ്ങൾ ഇതുവരെ തയ്യാറായിട്ടില്ല. അതിനാൽ മേൽ വകുപ്പുകൾ പ്രാബല്യത്തിലുള്ള തീയതി 2003 ഏപ്രിൽ ഒന്നാം തീയതി മുതൽ കൊണ്ടുവരുന്നതിനുവേണ്ടി..... എന്തേ ഈ ചട്ടങ്ങൾ ഉണ്ടാക്കാൻ കാലതാമസം? പഞ്ചായത്ത് രാജ് ബിൽ വളരെ വിശദമായി ഈ സഭയിൽ ഏറ്റവും കൂടുതൽ മണിക്കൂറുകൾ ചർച്ച ചെയ്തതല്ലേ? ഭരണ-പ്രതിപക്ഷാംഗങ്ങൾ വളരെ സജീവമായി ചർച്ച ചെയ്ത് കൊണ്ടുവരുന്ന ഇതുപോലെയുള്ള പ്രധാനപ്പെട്ട നിയമങ്ങളിൽ ചട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറയുന്നത്. ഇപ്പോൾ എത്ര വർഷമായി? നാലഞ്ചു വർഷമായിട്ടും എന്തുകൊണ്ടാണ് ചട്ടം ഉണ്ടാക്കാൻ കഴിയാത്തത്? ഇത്തരം ചട്ടങ്ങൾ ഉണ്ടാക്കാൻ കഴിയാത്തതിന്റെ വീഴ്ച നമ്മൾ ആരുടെയെങ്കിലും മേൽ പഴിചാരിയിട്ട് കാര്യമുണ്ടോ? അത് ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് വീഴ്ചയല്ലേ? ഭരണപരമായി സർക്കാരിനുണ്ടാകുന്ന വീഴ്ചയല്ലേ? അതുകൊണ്ടല്ലേ ചട്ടങ്ങൾ ഉണ്ടാക്കാൻ പറ്റാത്തത്? ചട്ടങ്ങൾ ഉണ്ടാക്കണം. സഭയിൽ വെക്കണം. സബ്ജക്ട് കമ്മിറ്റിയിൽ പോകണമെന്നുള്ളതൊക്കെ നിയമപരമായ ബാദ്ധ്യതയല്ലേ? ആ ബാദ്ധ്യത നിറവേറ്റാത്തതിന്റെ ഫലമായി ഇതുപോലെ വീണ്ടും വീണ്ടും അമെൻഡ്മെന്റ് കൊണ്ടുവരുന്ന രീതി ഒരു നിയമത്തെ സംബന്ധിച്ച് ശരിയാണോ? ഞാൻ മിനിസ്റ്റർ കാണിക്കുന്ന താൽപ്പര്യംകൊണ്ടു പറയുകയാണ്. ഇതൊക്കെ പരിശോധിക്കപ്പെടണം. അതുപോലെ ആ കമ്മിറ്റികളിലും ഇത് വേണ്ടപോലെ ചർച്ച ചെയ്തു വരണം. ഗ്രാമസഭ പല പഞ്ചായത്തുകളിലും ഒരു വലിയ വൈതരണിയായിട്ടുണ്ട്. ഇതിൽ പറയുന്ന രീതിയിൽ കൺവീനർക്കാണോ ചുമതല അതോ വാർഡിന്റെ കൺവീനർ പ്രസിഡന്റുമായി ആലോചിച്ചാണോ ചെയ്യേണ്ടത്? ആർക്കാണ് ചുമതല? ഇപ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പിൽ ഒരുപാട് കേസ്സുകൾ വന്നു. ചില മെമ്പർമാരെ അയോഗ്യരാക്കി, ഗ്രാമസഭയിലേക്ക് എന്താണ് അംഗങ്ങൾ വരാത്തത്? ഇവിടെ ജനകീയാസൂത്രണ പ്രസ്ഥാനം വളരെ ശക്തമായി നിന്ന സമയത്ത് അതിനുവേണ്ടി ഏറ്റവും നന്നായി സംസാരിച്ച ആളല്ലേ ശ്രീ. കുട്ടി അഹമ്മദ് കുട്ടി? ഈ സഭയിൽ അദ്ദേഹത്തിന്റെ പ്രസംഗം എത്രയോ ഞാൻ കേട്ടിരിക്കുന്നു അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് നന്നായി അങ്ങ് സംസാരിക്കുന്നത് എനിക്കറിയാം. ഇപ്പോൾ ഗ്രാമസഭകളിലേക്ക് ആംഗങ്ങൾ വരാത്തത് എന്താണ്? ഗ്രാമസഭ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ പറ്റുന്നുണ്ടോ? മുന്നോട്ട് വച്ച പല പദ്ധതികളും ഗ്രാമപഞ്ചായത്തോ അല്ലെങ്കിൽ ഗ്രാമസഭകളുടെ ശുപാർശയുടെ അടിസ്ഥാനത്തിലോ തീരുമാനങ്ങൾ എടുത്തുവന്നാൽ നടപ്പിലാക്കാൻ കഴിയുന്നില്ല. അതിനുള്ള തടസ്സങ്ങൾ എന്താണെന്നു നോക്കി അത് ഒഴിവാക്കി ഗ്രാമസഭകൾ വളരെ സജീവമായി പ്രവർത്തിപ്പിക്കണം. ഗ്രാമ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിക്കണം. അവരുടെ നിർദ്ദേശങ്ങളും യാഥാർത്ഥ്യമാകുമെന്നുള്ള ബോദ്ധ്യം കൂടി ജനങ്ങൾക്ക് ഉണ്ടാകുമ്പോൾ ഗ്രാമസഭയിൽ ആളുകൾ വരും. അതുകൊണ്ട് അങ്ങ് വച്ച നിർദ്ദേശങ്ങളും അംഗീകരിച്ചുകൊണ്ടുതന്ന ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ പറയുകയാണ്, വോട്ടിംഗ് യന്ത്രം കേരളത്തിൽ മുഴുവൻ വരാൻ പോകുന്നു; ഇതിന് ചെലവാക്കിച്ച ചെലവാണ് വരുന്നത്". ഞാൻ അതിന് ഒരു സജഷൻ പറയുകയാണ്. നല്ല രീതിയിൽ യന്ത്രത്തിലൂടെ വോട്ട് ചെയ്യാൻ കഴിയുമ്പോൾ വേഗത്തിൽ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നു. ആളുകൾക്ക് അക്കാര്യത്തിൽ ഒരുവിധം അവയർനെസ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ഇലക്ഷനുകളിൽ യന്ത്രം കൊടുത്ത അനുഭവം ബഹുമാനപ്പെട്ട ചെയറിന്റെ മണ്ഡലത്തിലോ മറ്റോ പാർലമെന്റ് ഇലക്ഷനിൽ ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ ഓർമ്മയിൽ നിന്നു പറയുകയാണ്. ശ്രീ. ലോറപ്പൻ നമ്പാടൻ മാസ്റ്റർ പാർലമെന്റ് ഇലക്ഷനിൽ മത്സരിച്ച സ്ഥലത്തുള്ള രണ്ട് ബൂത്തിലെ വോട്ട് ഇപ്പോഴും എണ്ണിയിട്ടില്ല. അദ്ദേഹം ഒന്നര ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അന്ന് ജയിച്ചത്. മാസ്റ്ററും ഇപ്പോൾ അതേക്കുറിച്ച് അന്വേഷിക്കുന്നില്ല; കാരണം ഒന്നര ലക്ഷം വോട്ടിനു ജയിച്ചില്ലേ. ആ യന്ത്രത്തിന് വളരെ ചെറിയ ശതമാനം തകരാറുള്ളൂ. പക്ഷേ അത് പഠിപ്പിക്കാനും ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കാനും വലിയ ചെലവാണ്. പഞ്ചായത്ത് ഇലക്ഷനിൽ ധാരാളം സ്ഥാനാർത്ഥികളുണ്ടാകും. ഇത് അഫോർഡ് ചെയ്യാൻ കഴിയാത്തവരുണ്ടാകും. അത് ഗവൺമെന്റിന്റെ ചെലവിൽ തന്നെ കഴിയുമോ എന്ന കാര്യം ആലോചിക്കണം. പഞ്ചായത്തിന്റെ ചികിൽസാഫണ്ട് പോലെയുള്ള പൊതു ആവശ്യങ്ങൾക്കുള്ള ഫണ്ടുണ്ടാക്കാൻ ട്രഷറിയുടെ തടസ്സാത്തക്കുറിച്ച് പറഞ്ഞു. ശ്രീ. കെ.സി. ജോസഫിനും ശ്രീ. വി. ഡി. സതീശനുമൊക്കെ തർക്കിക്കാൻ വേണ്ടി പറയുകയല്ല. എല്ലാ സ്ഥലത്തും ട്രഷറി തടസ്സമല്ലേ? ട്രഷറി തടസ്സംമൂലം പല സ്ഥലത്തും പഞ്ചായത്തുകൾക്ക് പല കാര്യങ്ങളും ചെയ്യാൻ പറ്റുന്നുണ്ടോ? രണ്ട് കാര്യങ്ങളിൽ യാതൊരു കാരണവശാലും ട്രഷറി നിയന്ത്രണം പാടില്ല എന്നുള്ള ഒരു തീരുമാനം നിങ്ങളെടുക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കും ചികിത്സാനുകൂല്യങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഗവൺമെന്റിന്റെ പദ്ധതി വിഹിതവുമായി ബന്ധപ്പെട്ടുവരുന്ന ചെലവുകൾക്ക് യാതൊരു വിധത്തിലുമുള്ള ട്രഷറി നിയന്ത്രണവും ഉണ്ടാവുകയില്ല എന്ന് നയപരമായി കാബിനറ്റ് തീരുമാനത്തിലോ മറ്റോ ഒരു തീരുമാനമുണ്ടാകണം. ഇത് ഞാൻ ഒരു നിർദ്ദേശമായി സമർപ്പിക്കുകയാണ്. അങ്ങനെ ചെയ്താൽ അങ്ങയുടെ ഒരു വലിയ നേട്ടമായി ജനങ്ങൾ കണക്കാക്കും. പ്രത്യേകമായി ഫണ്ട് സമാഹരിക്കുന്നത് ചികിത്സാ സഹായത്തിന് വേണ്ടിയായിരിക്കണം. കാരണം ഗവൺമെന്റ് കൊടുക്കുന്ന സഹായംകൊണ്ടോ നാട്ടുപുറങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്നതുകൊണ്ടോ മാത്രം കഴിയില്ല. എല്ലാ പഞ്ചായത്തുകളിലും മാരകമായ രോഗം വരുന്ന നിർദ്ധനരായ രോഗികൾക്ക് ചികിത്സയ്ക്കായി ഒരു കോർപ്പസ് ഫണ്ടോ മറ്റേതെങ്കിലുമോ ഉണ്ടാക്കണം. പഞ്ചായത്തിന് അത് സമാഹരിക്കാനുള്ള സപ്പോർട്ട് ഗവൺമെന്റ് ചെയ്തുകൊടുത്താൽ ചികിത്സാ കാര്യങ്ങളിൽ നമുക്ക് അവരെ സഹായിക്കാൻ കഴിയും. അതിനുള്ള ഒരു നടപടി കൂടി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗ്രാമപഞ്ചായത്തുകൾക്ക്, പ്രത്യേകിച്ചും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ നിലവാരത്തിലുമുള്ള അധികാരസ്ഥാനങ്ങളിലുള്ളവരുടെ, പ്രസിഡന്റുമാരുടേയും മറ്റ് ജനപ്രതിനിധികളുടേയുമൊക്കെ അലവൻസൊക്കെ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ച് ഉത്തരവിറക്കി. ഞാൻ അതിൽ ഗവൺമെന്റിനെ പ്രത്യേകിച്ച് അഭിനന്ദിക്കുകയാണ്. തീർച്ചയായും ഒരു നല്ല കാര്യം ഗവൺമെന്റ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കാരണം എം. എൽ. എ. മാർ ചെയ്യുന്നതിനേക്കാൾ ജോലി ഒരുപക്ഷേ ഗ്രാമ പഞ്ചായത്തിലെ പ്രസിഡൻറുമാരും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും ചെയ്യേണ്ടിവരുന്നുണ്ട്. കൂടുതൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ അവർ നിറവേറ്റപ്പെടുന്ന സാഹചര്യത്തിൽ അതിനുള്ള സൗകര്യങ്ങൾ കൂടി ആ അംഗങ്ങൾക്ക് ചെയ്തുകൊടുക്കണം. ആ ഉദ്ദേശത്തോടുകൂടി ചെയ്ത കാര്യത്തെ ഞാൻ അഭിനന്ദിച്ചുകൊണ്ടാണ് പറയുന്നത്. ജനപ്രതിനിധി കൾക്ക് പ്രവർത്തിക്കാനാവശ്യമായ ഭരണപരമായിട്ടുള്ള കാര്യങ്ങൾക്കു കൂടി ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് കൂടുതൽ ഫലപ്രദമായി ഈ നിയമം പ്രാവർത്തികമാക്കാനുള്ള നടപടി കൂടി ഗവൺമെൻറിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുകയാണ്. ഒരു കാര്യം കൂടി പറയട്ടെ, കോർപ്പറേഷനേയും മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തിന്റേയും ഓഫീസുകളിൽ പോലീസിനെ കയറൂരിവിട്ട് അവിടത്തെ ഭരണപരമായ കാര്യ ങ്ങളിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കരുത്. തൃശ്ശൂർ കോർപ്പറേഷന്റെ ഓഫീസി ലേക്ക് നാല് ബസ് നിറയെ പോലീസുകാരെ അയച്ചു. ആവശ്യ പ്പെട്ടിട്ടാണ് അയച്ചത്. അവിടെ ഭീകരമായി ലാത്തിച്ചാർജ്ജ് നടത്തിയ നടപടി ശരിയല്ല. അതുപോലുള്ള ഒരു അന്തരീക്ഷം മേലിലെങ്കിലും സൃഷ്ടിക്കാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും അത് അന്വേഷിച്ച് ഇത്തരം കാര്യങ്ങൾ ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ് എന്നുകൂടി സൂചിപ്പി ച്ചുകൊണ്ട് എന്റെ ഭേദഗതി നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയാണ്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി സംബന്ധിച്ചുള്ള ചർച്ച നടക്കുമ്പോൾ ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും ഭരണപക്ഷത്തെ അംഗങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നത് പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ-ജില്ലാപഞ്ചായത്ത് തുടങ്ങിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പൂർണ്ണമായും കേരളത്തിൽ ഉണ്ടാകാൻ പോകുന്നില്ല എന്നുതന്നെയാണ്. ഘട്ടംഘട്ടമായി നടത്തേണ്ടി വരുമെന്നാണ് പറയുന്നത്. അങ്ങനെ നടത്തേണ്ടി വന്നത് മുനിസി പ്പാലിറ്റികളും അതുപോലെ ചില തദ്ദേശ ഭരണ സ്ഥാപനങ്ങളും കേസ്സിനു പോയതുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട വി. ഡി. സതീശനും മറ്റും പറയുന്നത് കേട്ടു. അത് ശരിയല്ല. അഞ്ച് കൊല്ലക്കാലമായി തുടർച്ചയായി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും രാഷ്ട്രീയ കാരണങ്ങൾകൊണ്ട് ചില മേഖലകളിൽ, മറ്റു ചില രീതികളിൽ കാര്യങ്ങൾ തീരുമാനിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിച്ചപ്പോൾ പറഞ്ഞത് അത് രാഷ്ട്രീയ തീരുമാനമാണെന്നാണ്. രാഷ്ട്രീയ തീരുമാനത്തെ അടിസ്ഥാന പ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശരിയായ നടത്തിപ്പ് മുന്നോട്ട് നയിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ഒരു പ്രതിസന്ധി യാണ് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും ഇന്ന് അഭിമുഖീകരി ക്കുന്നത്. ഇപ്പോൾ വേറെ എന്തോ തടസ്സമുണ്ടെന്നാണ് ശ്രീ. കെ.സി. ജോസഫ് പറഞ്ഞത്. എന്താണ് തടസ്സം? കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഗവൺമെൻറിന്റെ രാഷ്ട്രീയ തീരുമാനം അടിസ്ഥാന മാക്കിയുള്ള ഓർഡറിനെ ദുർബ്ബലമാക്കിയിരിക്കുകയാണ്. നിങ്ങൾക്ക് വാർഡ് വിഭജനത്തിന് എന്ത് തടസ്സമാണുള്ളത്? ഏത് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചാണ് തടസ്സം? വകുപ്പ് അനുസരിച്ച് തടസ്സമില്ല. നിങ്ങളുടെ രാഷ്ട്രീയ തീരുമാനം നടപ്പിലാക്കാൻ സാധിക്കാത്ത വിഷമത്തിലും വേവലാതിയിലും വാർഡ് വിഭജനത്തിനാവശ്യമായ ഓർഡർ കൊടുക്കുന്നില്ല. അപ്പോഴാ ആടിനെ പട്ടിയാക്കുന്ന സ്വഭാവമാണ്. ഗവൺമെൻറ് എടുത്ത രാഷ്ട്രീയ തീരുമാനത്തെ കോടതി ചോദ്യം ചെയ്തിരിക്കുന്നു. കോടതി സ്റ്റേ ചെയ്തിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ മണ്ഡലത്തിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലേക്ക് ആന്തൂർ പഞ്ചായത്ത് ചേർത്തതും തലശ്ശേരി മുനിസിപ്പാലിറ്റിയിൽ കോടിയേരി ചേർത്തതും രാഷ്ട്രീയ തീരുമാനമായിരുന്നില്ലേ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ആന്തൂരും മുറാഴിയും ഉൾക്കൊള്ളുന്ന ആ പ്രദേശം തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും തൊട്ടടുത്ത് പൂർണ്ണമായും വികസിച്ചുകൊണ്ടിരിക്കുന്ന മുനിസിപ്പാലിറ്റിയുടെ പട്ടികയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. നിങ്ങൾ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽനിന്ന് ആന്തൂറിനെ വിഭജിച്ചുകൊണ്ട് ഓർഡർ കൊടുത്തിട്ടുണ്ട്. അതാണല്ലോ കോടതിയിൽ ചോദ്യം ചെയ്തിരിക്കുന്നത്. അതിൽ പറഞ്ഞിട്ടുള്ളത് അവിടെ യാതൊരു തരത്തിലുള്ള വികസന പ്രവർത്തനവും നടക്കാത്ത തനി ഗ്രാമീണമായ ഒരു അന്തരീക്ഷമാണെന്നുള്ളത് തന്നെയാണ്. ശ്രീ. സതീശൻ തളിപ്പറമ്പിനെ കൃത്യമായി മനസ്സിലാക്കാത്തതുകൊണ്ടാണ്. ഞാൻ ഇവിടെ പറഞ്ഞുവരുന്നത്, ആന്തൂർ പഞ്ചായത്ത് എന്ന പഴയ പഞ്ചായത്ത് പ്രദേശത്തെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുത്താതെ വെട്ടിമാറ്റണമെന്നത് രാഷ്ട്രീയ തീരുമാനമാണ്. ആ തീരുമാനത്തിന്റെ ഭാഗമായി നിങ്ങൾ പറയുന്നത് എന്താണ്? രാഷ്ട്രീയ തീരുമാനമെന്ന് പറയാൻ പാടില്ലല്ലോ. ഓർഡറിൽ പറയുന്നത് അവികസിതമായ പ്രദേശത്തെ ഉൾപ്പെടുത്തി എന്നാണ്. വികസിതമായ ഒരു പ്രദേശമാണ് നഗരസഭയാക്കേണ്ടത്. 250 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്ന ഒരു പ്രദേശമാണ് ആന്തൂർ പഞ്ചായത്ത്. കേരളത്തിൽ ഏത് പ്രദേശത്താണ് 250 വ്യവസായ യൂണിറ്റുകളുള്ളത്? ഒരു എഞ്ചിനീയറിംഗ് കോളേജ് അവിടെ പ്രവർത്തിക്കുകയാണ്. ഒരു സെൻട്രൽ സ്കൂൾ അവിടെയുണ്ട്. ശ്രീ. എം. വി. രാഘവൻ നടത്തിക്കൊണ്ടിരിക്കുന്ന സ്നേഹ പാർക്ക് അവിടെയാണ്. ഇനി വരാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട അമ്യൂസ്മെൻറ് പാർക്ക് അവിടെയാണ്. മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമായ പറശ്ശിനിക്കടവ് മുടിപ്പുര അവിടെയാണ്. 160 ബസ്സുകൾ ഓരോ ദിവസവും സ്ഥിരമായി സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ എ. ആർ. ക്യാമ്പ് അവിടെയാണ് വരുന്നത്.

ശ്രീ. കെ. സി: ജോസഫ്: യു. ഡി. എഫ്. ഭരിച്ചിരുന്ന രണ്ടു മുനിസിപ്പാലിറ്റികൾ പിൻവാതിലിലൂടെ പിടിച്ചെടുക്കേണ്ട തന്ത്രം ആയിരുന്നില്ലേ നിങ്ങളുടെ ഈ കൂട്ടിച്ചേർക്കൽ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: അത് ശരിയല്ല. ഞങ്ങൾ ഒറ്റയ്ക്ക് തലശ്ശേരി ഭരിച്ചിട്ടുണ്ട്. നിങ്ങൾ എപ്പോഴാണ് തലശ്ശേരി ഭരിച്ചിരുന്നത്? തെറ്റായ ധാരണയുണ്ടാക്കേണ്ട. സി. പി. ഐ. (എം).ഉം ഇടതു പക്ഷ ജനാധിപത്യ മുന്നണിയും ഭരിച്ചുകൊണ്ടിരുന്ന മുനിസിപ്പാലിറ്റിയാണ് തലശ്ശേരി. യഥാർത്ഥത്തിൽ പ്രശ്നം ഇവിടെ ഏറ്റവും വികസിതമായ ഒരു മേഖലയാണ് ആന്തൂർ എന്നുള്ളതാണ്. അവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമത്തിലും ഇല്ലാത്ത രീതിയിൽ ദൂരദർശൻ പോലെയുള്ള സ്ഥാപനങ്ങളുണ്ട്. തളിപ്പറമ്പ് മുനിസിപ്പാലിറ്റിയായി നിർത്താൻ തീരുമാനിച്ചിട്ടുള്ള പ്രദേശത്ത് ഇല്ലാത്ത പ്രധാനപ്പെട്ട സ്ഥാപനങ്ങളും മുഴുവൻ ഉള്ളത് ആന്തൂർ മേഖലയിലാണ്.

ശ്രീ. സി. കെ. നാണു: എപ്പോഴാണ് തലശ്ശേരി മുനിസിപ്പാലിറ്റി കോൺഗ്രസ് ഭരിച്ചിരുന്നത്? 1967-ലാണോ? 1967-ൽ കേരളത്തിലെ ബഹുഭൂരിപക്ഷം മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും കോൺഗ്രസ് ഭരിച്ചിരുന്നു. ആ കോൺഗ്രസ് പോയില്ലേ? എന്നിട്ടാണോ ശ്രീ. ഗോവിന്ദൻ മാസ്റ്ററോട് കോൺഗ്രസ് ഭരിച്ചുവെന്ന് ക്ലാസെടുക്കുന്നത്. 1969-ൽ അതെല്ലാം തകർത്ത ശേഷം പിന്നെ എന്തിനാണ് ആ കഥ ശ്രീ. ഗോവിന്ദൻ മാസ്റ്ററോട് പറയുന്നത്?.....(ബഹളം).....

ശ്രീ. കെ. സി. ജോസഫ്: അങ്ങയുടെ പത്നി അവിടെ ചെയർപേഴ്സണായി.....

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ചെയർപേഴ്സണാകുന്നതും ഒന്നും ഞങ്ങൾക്ക് പ്രശ്നമില്ല. ഇവിടെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽനിന്നും ആന്തൂരിനെ മാറ്റുക. നിങ്ങൾ പറഞ്ഞ പോയിൻ്റ് അത് വികസിതമായ പ്രദേശമല്ലെന്നും അവിടെ കാർഷികമായ രീതിയിലുള്ള പണികൾ മാത്രമേ ഉള്ളൂ എന്നുമാണ്. സെൻസസ് അനുസരിച്ച് ഇതു രണ്ടും ശരിയല്ലെന്ന് കോടതിയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിൻ്റെ ചിത്രം ഞാൻ പറഞ്ഞത്, 250 വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്ന ആന്തൂർ മേഖല വികസിച്ച് വളരെയധികം മുമ്പോട്ട് വന്നിട്ടുണ്ട്. 160 ബസ് സർവ്വീസ് ആ പ്രദേശത്ത് മാത്രം നടക്കുന്നു. ഒരു ദിവസം പതിനായിരക്കണക്കിനാളുകൾക്ക് ക്ഷേണം സ്ഥിരമായി കൊടുത്തുകൊണ്ടിരിക്കുന്നതും ഈ പറഞ്ഞ പാർക്കുകളും പരിപാടികളും എല്ലാം ഉള്ള ഒരു പ്രദേശത്തിൻ്റെ മുഖത്ത് നോക്കി അവിടെ വികസിച്ചിട്ടില്ല, പട്ടണമാകാൻ സാധ്യതയില്ലെന്ന് പറയുന്നത് ശരിയല്ല. ആ നിലപാട് സ്വീകരിച്ചത് രാഷ്ട്രീയമാണെന്നാണ് ഞാൻ പറയുന്നത്. കോടതിയിൽ പോകേണ്ടി വന്നത് നിങ്ങൾ തെറ്റായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ്. ശ്രീ. കെ. സി. ജോസഫ് ഉൾക്കൊള്ളുന്ന മണ്ഡലമായ ഇരിക്കൂർ, തളിപ്പറമ്പ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഇലക്ഷൻ നടക്കുകയില്ലല്ലോ; എന്താണ് ചെയ്യുക? ഇലക്ഷൻ നടത്താൻ ആവശ്യമായ ഒരു സംവിധാനവും ഉണ്ടായിട്ടില്ല. മണ്ഡല വിഭജനം നടന്നില്ലല്ലോ; കോടിയേരി, തളിപ്പറമ്പ് മുനിസിപ്പാലിറ്റികളിലും അഞ്ച് ജില്ലാപഞ്ചായത്തുകളിലും നടന്നിട്ടില്ല. അവിടെ ഭാഗികമായിട്ടുപോലും നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.

ശ്രീ. കെ. സി. ജോസഫ്: ഗവൺമെൻ്റിന് എതിരായിട്ടുള്ള കേസ് വിത്ഡ്രോ ചെയ്യുക; അപ്പോൾ നടക്കും.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: നേരത്തെ ഉണ്ടായിരുന്ന വിജ്ഞാപനം വിത്ഡ്രോ ചെയ്താൽ മതിയല്ലോ; ഗവൺമെൻ്റിൻ്റെ തീരുമാനത്തിനെതിരായി കോടതിയിൽ സ്റ്റേ ചെയ്തിട്ടുണ്ടല്ലോ; ആ സ്റ്റേ അംഗീകരിച്ചാൽ മതിയല്ലോ; ഹൈക്കോടതിയിൽ .....(ബഹളം).....ഇപ്പോൾ ഒഴിവാക്കിയതാണ്. എന്തിനാണ് പെറ്റീഷൻ വിത്ഡ്രോ ചെയ്യേണ്ട കാര്യമുള്ളത്? ഇലക്ഷൻ സുഗമമായി നടത്തുന്നതിനും ഇപ്പോൾ യാതൊരു തടസ്സവുമില്ല. കോടതിവിധിയനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങും നടത്തിയാൽ മതിയല്ലോ; രാഷ്ട്രീയ തീരുമാനത്തിന് വേണ്ടി തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് മുഴുവൻ അട്ടിമറിക്കുന്ന നിലപാടാണ് യു. ഡി. എഫ്.-ന്റെ നിലപാടെന്ന് ഞാൻ ആരോപിച്ചാൽ രാഷ്ട്രീയമായി കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. വകുപ്പു മന്ത്രിയെന്താണ് ചെയ്യുക? ഇങ്ങനെയൊരവസ്ഥയാണ് വന്നുചേർന്നിട്ടുള്ളത്. മുനിസിപ്പാലിറ്റിയുടേയും പഞ്ചായത്തുകളുടേയും കോർപ്പറേഷനേറയുമൊക്കെ അതിർത്തി വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എവിടെയാണ് ഓംബുഡ്സ്മാനുള്ളത്? ഓംബുഡ്സ്മാൻ എന്നുപറഞ്ഞ് എഴുതിവയ്ക്കുന്ന സാധനങ്ങൾ ഇപ്പോൾ എവിടെയാണുള്ളത്? ഏത് പ്രശ്നത്തിലാണ് അവർ ഇടപെടുന്നത്? ഓംബുഡ്സ്മാൻ എന്നുപായുന്ന സംവിധാനം തന്നെ പൊളിച്ച് താറുമാറാക്കിയില്ലേ? ഇപ്പോൾ ഒരാളെ വച്ച് എന്ത് ചെയ്യാനാണ്? എല്ലാ ജില്ലാകേന്ദ്രങ്ങളിലും പോയി കാര്യങ്ങൾ മനസ്സിലാക്കുകയും പഠിക്കുകയും ഇടപെടുകയും ചെയ്ത ഏറ്റവും പ്രധാനപ്പെട്ട സംവിധാനമായിരുന്നു എൽ. ഡി. എഫ്.-ന്റെ കാലത്ത് ഓംബുഡ്സ്മാൻ. ആ ഓംബുഡ്സ്മാനെ താറുമാറാക്കിയിട്ട് ഓംബുഡ്സ്മാന്റെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നു എന്നുപറയുന്നതിന് എന്താണ് അടിസ്ഥാനമുള്ളത്? ഒരു അടിസ്ഥാനവുമില്ല. അതുകൊണ്ട് ഈ പറയുന്ന ഭേദഗതിയെ സംബന്ധിച്ചിടത്തോളം ഗൗരവതരമായി മന്ത്രി ആലോചിക്കണം. വിപുലപ്പെടുത്തുന്നതിന് ഞാൻ എതിരല്ല. ഓംബുഡ്സ്മാൻ തന്നെ ഇല്ലാത്ത അവസ്ഥയാണ്. കെട്ടിട നിർമ്മാണ ചട്ടത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. എനിക്ക് പറയാനുള്ളത് മൂന്ന് കൊല്ലമുണ്ടായിട്ടും ഇതുവരെ ചട്ടം ഉണ്ടാക്കിയിട്ടില്ല എന്നുള്ളതാണ്. ഒരാഴ്ചയിരുന്നാൽ ഉണ്ടാക്കാൻ പറ്റുന്ന സാധനമാണ് ഈ പറയുന്ന ചട്ടം; അതിന് ഭേദഗതി കൊണ്ടുവരേണ്ട അവസ്ഥയിൽ എത്തിയിരിക്കുന്നു. ഇപ്പോൾ ചട്ടം ഉണ്ടാക്കുമെന്നുള്ളതിന് എന്താണ് ഉറപ്പ്? ചട്ടം ഉണ്ടാക്കുന്ന കാര്യത്തിൽപ്പോലും ഒന്നും ചെയ്യാൻ സാധിക്കാത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്നുപറഞ്ഞാൽ അതിന്റെ പാപ്പരീകരണത്തെക്കുറിച്ച് ഞാൻ എന്താണ് പറയേണ്ടത്? അതുകൊണ്ട് ഇങ്ങനെയൊരു ഭേദഗതിയുമായി ഗവൺമെന്റ് വരുന്നതിന്റെ പിന്നിൽ ദുരുദ്ദേശം ഉണ്ടോയെന്ന് മന്ത്രി തന്നെ ആലോചിക്കണം. മണിക്കൂറുകൾ കൊണ്ട് ചെയ്യാൻ പറ്റുന്നതാണ് ചട്ടം ഉണ്ടാക്കുകയെന്നുള്ളത്. ഗ്രാമസഭകൾ വിളിച്ചുചേർക്കണമെന്നുള്ള കാര്യത്തിൽ യാതൊരു താൽപര്യവുമില്ല. അത് ഞങ്ങൾക്കെല്ലാം താൽപര്യമുള്ളതാണ്. ലോകത്തിന്റെ മുന്നിൽ ഏറ്റവും പ്രധാനപ്പെട്ട സംഭവമായിരുന്നു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം. ജനകീയാസൂത്രണത്തിന്റെ പ്രക്രിയയിൽ കാര്യകാരണ നിയമം എന്നു പറയുന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. സ്കൂളുകൾ വന്നു എന്നുള്ളതിന് ഒരു കാരണമുണ്ട്. ഇന്ന് ഗ്രാമസഭകളിൽ ആളുകൾ കൂടുന്നില്ലെന്നുള്ളത് ഒരു കാര്യമാണ്. അതിന്റെ കാരണം എന്താണ്? ബഹുമാനപ്പെട്ട മന്ത്രിയാണല്ലോ ബിൽ പൈലറ്റ് ചെയ്യുന്നത്. ഗൗരവമായി ആലോചിക്കേണ്ട കാര്യമല്ലേ? ജനകീയാസൂത്രണത്തിന്റെ ഭാഗമായി മുമ്പ് വിതരണം നടത്തിയത് ആടും കോഴിയും മാത്രമാണെങ്കിൽ ഇപ്പോൾ ആടും ഇല്ല, കോഴിയും ഇല്ല. ..... (ബഹളം)..... ജനകീയാസൂത്രണമെന്ന് പറയുന്നത് ലോകത്തിന്റെ മുന്നിൽ കേരളം കാഴ്ചവച്ച പ്രധാനപ്പെട്ട ഒന്ന് തന്നെയാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: ജനകീയാസൂത്രണത്തിന്റെ കാലഘട്ടത്തിൽ വളപട്ടണത്ത് ചേർന്ന ഒരു യോഗത്തിൽവച്ച് പ്ലാനിംഗ് ബോർഡ് അംഗം പറഞ്ഞത് പശുക്കളേയും എരുമകളേയും ജനകീയാസൂത്രണത്തിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു എങ്കിലും കോയമ്പത്തൂരിൽനിന്ന് വരുന്ന പാലിൽ ഒരു ലിറ്റർ പോലും കൂറയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: വെറും കളവാണ് പറയുന്നത്. ബഹുമാനപ്പെട്ട അംഗം മന്ത്രിയായിരുന്ന ആളല്ലേ? തെറ്റായ രീതിയിൽ അവതരിപ്പിച്ചാൽ സമ്മതിച്ചുകൊടുക്കാൻ പറ്റില്ല. ഇവിടെ ചൂണ്ടിക്കാണിക്കുന്നതുപോലെ ജനകീയാസൂത്രണം പരിഹാസ്യമായ രീതിയിൽ നടത്താനുള്ള ഒന്നല്ല. നിങ്ങൾക്കൊക്കെയുള്ള ധാരണ വച്ചുകൊണ്ടാണല്ലോ പറഞ്ഞുകൊണ്ടിരിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ കാലഘട്ടത്തിൽ എന്റെ ജില്ലയിലെല്ലാം ക്ഷീരവികസനവുമായി ബന്ധപ്പെട്ടുകൊണ്ട് നല്ല നിലയിൽ ഇരട്ടിയോളം ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ബഹുമാന്യനായ മുൻമന്ത്രി പറഞ്ഞിട്ടുള്ള കാര്യം പിൻവലിക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അല്ലെങ്കിൽ കണക്കുവച്ച് വസ്തുതയോടുകൂടി പറയണം. ഗ്രാമസഭകളും വിളിച്ച് ചേർക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. എന്തുകൊണ്ടാണ് ഒരാളും വരാത്തതെന്ന് പറയുമ്പോൾ.....ഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനിച്ച സ്കീം തയ്യാറാക്കി ഓരോ വികസന പ്രവർത്തനവും ഏറ്റെടുത്ത് നടത്തുന്നതിനെ സംബന്ധിച്ചെല്ലാം ഇവിടെ വിശദീകരിച്ചു. പിന്നെ നോക്കുമ്പോൾ അതിന് പണം പിൻവലിക്കുകയല്ലേ? പണം ചെലവഴിക്കാൻ അവർക്ക് കൊടുക്കുന്നില്ലല്ലോ? കോടിക്കണക്കിന് ഉറുപ്പികയല്ലേ കൊടുക്കാതിരിക്കുന്നത്? അങ്ങനെ കൊടുക്കാതിരുന്നാൽ എങ്ങനെയാണ്. അതായിട്ടില്ല, ഇതായിട്ടില്ല എന്നുള്ള പരാതിക്ക് മുമ്പിൽ മറുപടി പറയുന്നത്? ഇങ്ങനെയുള്ള പരാതിക്ക് മറുപടി പറയാൻ സാധിക്കാത്ത അവസ്ഥ വരുമ്പോഴാണ് വാർഡ് മെമ്പർമാർ കൺവീനർമാരായാലും നിങ്ങൾക്ക് ഭരണഘടനാപരമായി ചുമതലയുണ്ടെന്ന് ചൂണ്ടിക്കാണിച്ചാലും അവർക്ക് ഗ്രാമസഭകളും വിളിച്ചുചേർക്കാൻ പറ്റാത്ത പശ്ചാത്തലം വരുന്നത്. അതുകൊണ്ട് അവർക്ക് ഗ്രാമസഭ വിളിച്ചുചേർക്കാനുള്ള ഒരു പശ്ചാത്തലമൊരുക്കാനും കാര്യങ്ങൾ തീരുമാനിക്കാനും തീരുമാനിച്ചത് നടപ്പിലാക്കാനും സാമ്പത്തിക ബാദ്ധ്യത നിർദ്ദേശിക്കാനും കഴിയുന്ന ഒരു സാഹചര്യം ഉണ്ടാകണം. അതുണ്ടെങ്കിൽ മാത്രമേ അവർക്ക് ഈ കാര്യങ്ങളും നിർവ്വഹിക്കാൻ ആവുകയുള്ളൂ. അല്ലാതെ ബാധ്യത അവരെ അടിച്ചേൽപ്പിച്ചിട്ട് കാര്യമില്ല. അവർക്ക് ചെയ്യാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ഗൗരവപൂർവ്വം ആലോചിക്കണമെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മുഴുവൻ കണക്കും എന്റെ കൈയിലുണ്ട്. നിങ്ങൾ കൊടുക്കാൻ തീരുമാനിച്ചതും കൊടുക്കാതിരുന്നതുമായ കണക്ക്. ആയിരക്കണക്കിന് ഉറുപ്പികയാണ് കൊടുക്കാൻ ബാക്കിയുള്ളത്. അതാണ് അതിന്റെ അവസ്ഥ. രണ്ടാമത് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം വോട്ടിംഗ് യന്ത്രത്തെ സംബന്ധിച്ചാണ്. വോട്ടിംഗ് യന്ത്രം ഉപയോഗിക്കുക എന്നുള്ളത് നമ്മളാരും എതിർക്കുന്ന കാര്യമല്ല. പക്ഷേ ഒരു അനുഭവമുണ്ടായി. കഴിഞ്ഞ അസംബ്ലി തിരഞ്ഞെടുപ്പ് നടന്ന കൂത്തുപറമ്പിലും അഴീക്കോടും യന്ത്രം ഉപയോഗിച്ച് ഇലക്ഷൻ നടത്തി. ആ രണ്ട് സ്ഥലങ്ങളിൽ ഈ രണ്ട് ബൂത്തിലും യന്ത്രം തകരാറിലായി. അത് കുഴപ്പമില്ല. കാരണം യന്ത്രമല്ലേ? അപ്പോഴത്തന്നെ യന്ത്രം മാറ്റി കൊണ്ടുവന്നു. എന്നിട്ട് വോട്ടിംഗ് നടത്തി. ഇലക്ഷൻ കമ്മീഷൻ ഡൽഹിയിൽനിന്നു വിളിച്ചു പറഞ്ഞു, ഈ വോട്ട് എണ്ണണ്ട എന്ന്, അങ്ങനെ ആ വോട്ട് എണ്ണാൻ അനുവദിക്കാത്ത നില വന്നു. ജനപ്രതിനിധികളായ ഞങ്ങളൊക്കെ ശക്തമായി ബന്ധപ്പെട്ടതിന്റെ ഫലമായി അവസാന ഇലക്ഷൻ കമ്മീഷൻ പറഞ്ഞു, എണ്ണിക്കോ എന്ന്. ആദ്യം എണ്ണണ്ട എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, പിന്നെ എണ്ണിക്കോ എന്നു പറഞ്ഞു. പിന്നെ പറഞ്ഞു എണ്ണിയതു കൂട്ടണ്ട എന്ന്. എണ്ണിയത് കൂട്ടാൻ പറിയില്ല. എന്താണ് പാറിയത്? ശ്രീ. ജയരാജന്റെ ഭൂരിപക്ഷം ഇതിനേക്കാൾ എത്രയോ അധികമാണ്. ശ്രീ. പ്രകാശൻ മാസ്റ്ററുടെ ഭൂരിപക്ഷവും ഇതിനേക്കാൾ എത്രയോ അധികമാണ്. നമുക്ക് ആയിരക്കണക്കിന് വോട്ട് ശരിക്ക് എണ്ണാൻ കഴിഞ്ഞില്ല. രണ്ട് ബൂത്ത് എന്നു പറഞ്ഞാൽ അഴീക്കോട് മണ്ഡലത്തിൽ മാത്രം ആയിരത്തി അഞ്ഞൂറോളം വോട്ട് വരും; ശ്രീ. സതീശന് മനസ്സിലാകാഞ്ഞിട്ടാണ്. ഈ രണ്ട് ബൂത്തിലും വോട്ട് എണ്ണി തിട്ടപ്പെടുത്തിയെങ്കിലും അത് ഭൂരിപക്ഷത്തിൽ ഉൾപ്പെടുത്താൻ പറ്റാത്ത ദുരൂഹമാണുണ്ടായത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് യന്ത്രം വയ്ക്കണം എന്നു പറഞ്ഞാൽ യന്ത്രത്തിന് തകരാറാകുമെന്ന് മുൻകൂട്ടിക്കാണണം. തകരാറിലായ യന്ത്രം മാറി സ്ഥാപിക്കണം. അതിനുശേഷം കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തി ഭൂരിപക്ഷം നിശ്ചയിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ ഇലക്ഷൻ കമ്മീഷൻ ഇടപെട്ടതുപോലെ എണ്ണിക്കോ എന്നു പറയും, എണ്ണണ്ട എന്നു പറയും, കൂട്ടണം എന്നു പറയും, കൂട്ടണ്ട എന്നു പറയും. അത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ജനങ്ങൾ മുഴുവൻ വന്ന് വോട്ട് ചെയ്തിട്ട് അവസാനം യന്ത്രത്തിന്റെ തകരാറുകൊണ്ട് വോട്ട് ചെയ്ത വോട്ടർമാരെ ശിക്ഷിക്കുന്ന നിലപാടെടുക്കാൻ പറ്റില്ല. അഖിലേന്ത്യാ ഇലക്ഷൻ കമ്മീഷൻ ജനങ്ങളെ ശിക്ഷിക്കുന്ന ഒരു നിലപാട് സ്വീകരിക്കരുത്. ആ ശിക്ഷ യഥാർത്ഥത്തിൽ നമ്മൾ അർഹിക്കുന്നതല്ല. അർഹിക്കാത്ത ശിക്ഷ ഏറ്റുവാങ്ങേണ്ട സ്ഥിതി ഉണ്ടാകാൻ പാടില്ല എന്നുള്ളതാണ് ഇതു സംബന്ധിച്ച് പറയാനുള്ളത്. 212-ാമത് വകുപ്പനുസരിച്ച് ട്രഷറിയിൽ പണം ഉണ്ടെങ്കിലല്ലേ മാറിക്കിട്ടുകയുള്ളൂ. ട്രഷറി മിക്കവാറും ദിവസങ്ങളിൽ പൂട്ടുകയായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി അവിശ്വാസ പ്രമേയത്തിന്റെ ഭാഗമായി പറഞ്ഞത് വളരെ ഗൗരവമുള്ള സാമ്പത്തിക മാനേജ്മെന്റ് ആയിരുന്നു എന്നാണ്. രണ്ട് ദിവസം കഴിഞ്ഞപ്പോൾ സി. ആൻറ് എ.ജി. യുടെ റിപ്പോർട്ട് വന്നു, ആകെ കുളമായിരിക്കുന്നു എന്ന്. ഞങ്ങളല്ല, നിങ്ങൾ തന്നെയാണ് പറഞ്ഞത്. എപ്പോഴാണ് പൂട്ടുന്നതെന്ന് പറയാൻ പറ്റില്ല. എപ്പോഴും പൂട്ടിക്കൊണ്ടിരിക്കുകയാണ്. പൂട്ടിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഗ്രാമ-ജില്ല-ബ്ലോക്ക് പഞ്ചായത്തുകളുടെ ഫണ്ട് മാറിയെടുക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. ജവഹർലാൽ നെഹ്റു ഇന്ത്യൻ പ്രധാനമന്ത്രി ആയിരുന്നപ്പോൾ ഗ്രാമീണ മേഖലയുടെ വളർച്ചയും വികസനവും ചൂണ്ടിക്കാണിച്ചുകൊണ്ട്, ഗ്രാമപഞ്ചായത്തുകളുടെ ഇന്നത്തെ സങ്കൽപ്പത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് അല്ലെങ്കിൽപ്പോലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വളർച്ചയും വികസനവും അടിസ്ഥാനമാക്കുന്ന സാമ്പത്തിക സ്ഥാപനമായി ഗ്രാമീണ മേഖലയിൽ ബാങ്കുകൾ ഉണ്ടാകണമെന്ന് ചൂണ്ടിക്കാണിച്ചു. നിങ്ങളിൽ പലർക്കും ഓർമ്മയുണ്ടാവില്ല. ഗ്രാമീണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക കേന്ദ്രീകരണത്തിനുള്ള കേന്ദ്രങ്ങളായി സഹകരണ സ്ഥാപനങ്ങളെ മാറിയെടുക്കാൻ സാധിക്കണം എന്ന് ജവഹർലാൽ നെഹ്റു പറഞ്ഞതാണ്. അപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ബാങ്കിംഗ് സിസ്റ്റം ഉൾപ്പെടെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാൻ സാധിക്കണമെന്നുള്ളതാണ് ജവഹർലാൽ നെഹ്റു ചൂണ്ടിക്കാണിച്ചത്. ആ കാര്യമെങ്കിലും കണക്കിലെടുത്തുകൊണ്ട്.... ഒരു കാര്യം ഉറപ്പിച്ചു പറയാം. ജവഹർലാൽ നെഹ്റു പറഞ്ഞു എന്നുള്ളതുകൊണ്ട് തള്ളിക്കളയേണ്ട കാര്യം മാത്രമേ തള്ളിക്കളയൂ. അദ്ദേഹം പറഞ്ഞ ഒരു കാര്യം അംഗീകരിച്ചു എന്നുള്ളതുകൊണ്ട് ജവഹർലാൽ നെഹ്റു പറഞ്ഞ മുഴുവൻ കാര്യങ്ങളും അംഗീകരിച്ചു എന്ന തെറ്റിദ്ധാരണ വേണ്ട. അതിന്റെയർത്ഥം ജവഹർലാൽ നെഹ്റു പറഞ്ഞ ഒന്നും അംഗീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാതിരിക്കുന്നു എന്നും ധരിക്കാൻ പാടില്ല. ജവഹർലാൽ നെഹ്റു പറഞ്ഞത് മുഴുവൻ അംഗീകരിക്കുന്നു എന്ന് സമ്മതിക്കേണ്ട കാര്യമില്ല. ഞങ്ങൾക്ക് അതേപ്പറ്റി വ്യക്തമായ ധാരണയുണ്ട്.

ശ്രീ. സാജു പോൾ: അയോദ്ധ്യയിലെ ക്ഷേത്രത്തെപ്പറ്റി തർക്കമുണ്ടായപ്പോൾ അത് പൂട്ടി താക്കോൽ സരയു നദിയിൽ എറിയാൻ ജവഹർലാൽ നെഹ്റു പറഞ്ഞു. രാജീവ് ഗാന്ധിയുടെ കാലത്ത് ശിലാന്യാസം നടത്തുകയാണ് ചെയ്തത് എന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: അതാണ് കോൺഗ്രസ്സിന്റെ മാറ്റം. ജവഹർലാൽ നെഹ്റു ഉൾപ്പെടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾക്ക് ഒപ്പം നിൽക്കാൻ സാധിക്കാത്ത രാഷ്ട്രീയ സാഹചര്യത്തിലേക്കാണ് കോൺഗ്രസ് എത്തിച്ചേർന്നിരിക്കുന്നത്. ഇൻഡ്യ എത്രയോ കൊല്ലം ഒറ്റയ്ക്ക് ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്. ഇന്ന് ഒറ്റയ്ക്ക് ഭരിക്കാൻ ഒക്കില്ല എന്നു മാത്രമല്ല, നിങ്ങൾക്ക് ഐക്യമുന്നണി ഉണ്ടാക്കിയാലും ഭരിക്കാനൊക്കില്ല. ഞങ്ങളുടെ പിന്തുണയോടെ ഇന്ത്യ ഭരിക്കുന്ന പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. നിങ്ങൾ വലിയ ആനയൊന്നുമല്ല. 145 സീറ്റ് വന്നപ്പോൾ അതിൽ 70 സീറ്റ് കിട്ടിയത് ഐക്യമുന്നണി പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടാണ്. 75 സീറ്റാണ് നിങ്ങൾക്ക് സ്വന്തമായിട്ടുള്ളത്. ഞങ്ങൾ ഉൾപ്പെടെയുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുൾപ്പെടെ പിന്തുണ നൽകിയതുകൊണ്ടാണ് നിങ്ങൾ ഭരിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: കോൺഗ്രസ് ഒറ്റയ്ക്കു ഭരിച്ചതാണെന്ന് അങ്ങ് പറഞ്ഞു. 1997-ൽ അങ്ങയുടെ പാർട്ടി ഒറ്റയ്ക്ക് ഭരിച്ച സംസ്ഥാനത്ത് ഒരു ഏകാംഗ പാർട്ടിയെ കൂട്ടിയിട്ടുപോലും ഭരണത്തിൽ എത്താത്ത അവസ്ഥയില്ലേ? അതേപ്പറ്റി എന്തുപറയുന്നു?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ചരിത്രത്തെ ശരിയായ രീതിയിൽ മനസ്സിലാക്കണം. 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒറ്റക്ക് ഭരിച്ചിട്ടില്ല. ഞാൻ ഒരു കാര്യം പറയാം. വരുന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ നിങ്ങൾ എന്തെല്ലാം കൊമ്പുകുത്തിയാലും ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ വിജയത്തോടെ തിരിച്ചുവരും. നിങ്ങൾക്ക് സംശയം വേണ്ട. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കഴിവെന്താണെന്ന് അപ്പോൾ നിങ്ങൾക്ക് ശരിക്കും മനസ്സിലാകും. അതിനു മുമ്പ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തിയാൽ ആ പഞ്ചായത്ത് തിരഞ്ഞെടുപ്പോടുകൂടി ഈ ഗവൺമെന്റിന്റെ അന്ത്യം വരും.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് ദയവായി എന്നെ ശപിച്ചു പോകരുത്. അങ്ങേക്ക് ഭയങ്കര ശാപമാണ്. അങ്ങേക്ക് തുടങ്ങിയപ്പോൾ മുതലേ ദേഷ്യം. അതിന്റെ പുറമേ ശാപവും. പ്രത്യാശയാണ് മനുഷ്യനെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. അങ്ങേക്ക് ജീവിതം കുറച്ച് എക്സ്റ്റൻഡ് ചെയ്തുകിട്ടാൻ ഈ മോഹം കുറച്ചു ഗുണം ചെയ്യും.

2.00 P.M.]

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: അവസാനം ഞാൻ പറഞ്ഞു വന്ന പോയിന്റ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെ ചൂണ്ടിക്കാണിച്ച ഗ്രാമീണ മേഖലയിലെ സാമ്പത്തിക ഇടപാടിനെ സംബന്ധിച്ചുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക കാര്യങ്ങളും മറ്റുകാര്യങ്ങളും ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമെന്ന നിലയിൽ ഗ്രാമീണ മേഖലയിലുള്ള സഹകരണ പ്രസ്ഥാനങ്ങൾക്ക് ഊന്നൽ നൽകണം. ബിൽ മാറിക്കിട്ടാത്ത ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിൽ പഞ്ചായത്തുകൾക്കും അവരുടെ ഡെപ്പോസിറ്റ് ബാങ്കുകളിൽക്കൂടി ഇടുന്നതിനുവേണ്ടി ഇപ്പോൾ ഒരു വളച്ചുകെട്ടിൽ പറഞ്ഞിരിക്കുകയാണ്. ഇന്നത്തെ ഭേദഗതി പൂർണ്ണമല്ല. അതുകൊണ്ട് അതിനുള്ള അനുവാദം കൊടുക്കുന്ന ഒരു മന്ത്രിയായി അങ്ങ് മാറണം. എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ഇവിടെ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗങ്ങളോട് നന്ദി പറയുകയാണ്. കാര്യമായ എതിർപ്പുകളൊന്നും പ്രകടിപ്പിച്ചില്ല. ഒന്നുരണ്ടു കാര്യങ്ങൾക്ക് മറുപടി പറയേണ്ടതുണ്ട്. തിരഞ്ഞെടുപ്പിന്റെ കാര്യം എത്ര പറഞ്ഞാലും മനസ്സിലാവില്ല. ഇനിയും ഞാൻ ആവർത്തിക്കേണ്ടതില്ല. പക്ഷേ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ തവണയും സെപ്റ്റംബർ, നവംബർ, ജനുവരി ഇങ്ങനെ 3 തവണയായിട്ടാണ് ഇലക്ഷൻ നടന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നമ്മളെ അന്ന് സർവ്വകക്ഷിയോഗം വിളിച്ചപ്പോഴും അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞു, കഴിഞ്ഞ പ്രാവശ്യം ഇങ്ങനെ ചെയ്തു എന്ന്. വാർഡ് വിഭജനം സംബന്ധിച്ച് ഞങ്ങളുന്നയിച്ച പ്രധാനപ്പെട്ട വിഷയം ഗവൺമെന്റ് ചെയ്യേണ്ട, ജില്ലാ പഞ്ചായത്തിനായും ബ്ലോക്ക് പഞ്ചായത്തിനായും വാർഡുകളുടെ സംബന്ധിച്ച ജോലി ഗവൺമെന്റ് ചെയ്തിട്ടില്ല എന്നുള്ളതാണ്. കഴിഞ്ഞ തവണ ഉണ്ടായ കേസുകളും അതല്ല. കഴിഞ്ഞ തവണ ഉണ്ടായ കേസുകളും ഈ കേസുകളും തമ്മിൽ വ്യത്യാസം ഉണ്ട്. കുറച്ചു വാർഡുകളുടെ ഇലക്ഷൻ മാറ്റി വച്ചതല്ലാതെ ....അതല്ലല്ലോ ഇത്. എന്തുകൊണ്ടാണ് ഗവൺമെന്റ് വാർഡിന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത്? അതൊന്ന് വിശദീകരിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ, ഏതൊക്കെ വാർഡുകളാണ് പ്രസിദ്ധീകരിക്കാത്തത് എന്ന് പറയണം. ഇവിടെ രണ്ടു കാര്യമാണുള്ളത്. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ കാലാവധി ജനുവരിയിലാണ് അവസാനിക്കുന്നത്. അതോടൊപ്പമുള്ള കുറെ ഗ്രാമപഞ്ചായത്തുകൾക്കും ജനുവരിയിലാണ് കാലാവധി അവസാനിക്കുന്നത്. കാലാവധി അവസാനിക്കുന്ന പഞ്ചായത്തുകളെ കാലാവധിക്ക് മുമ്പ് പിരിച്ചു വിടാൻ കഴിയില്ല. കോടതി സ്റ്റേ മുഖാന്തിരം ചില സ്ഥലങ്ങളിലും ഇലക്ഷനും വാർഡ് വിഭജനവും നടന്നില്ല. സ്റ്റേയെപ്പറ്റി ഇവിടെ പലരും സൂചിപ്പിച്ചത്, ഇത് രാഷ്ട്രീയമായ തീരുമാനമാണെന്നാണ്. പക്ഷേ എനിക്ക് വ്യക്തമാക്കാനുള്ളത് രാഷ്ട്രീയമായ പക്ഷപാതത്തിന്റെ ഫലമായി രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് കൂട്ടിച്ചേർത്ത ചില പ്രദേശങ്ങളെ ന്യായമായി പരിശോധിച്ച് ന്യായമാണെന്ന് കണ്ടെത്തി അവയെ വേർതിരിക്കാൻ വേണ്ടിയുള്ള ഒരു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത് എന്നാണ്. അത് വ്യക്തമായി സദുദ്ദേശത്തോടുകൂടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ചെയ്തത്. കുറേ ഗ്രാമങ്ങളെ ഗ്രാമങ്ങളായിത്തന്നെ നിലനിർത്തണം. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഗ്രാമങ്ങളെക്കുറിച്ചും പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിനെക്കുറിച്ചും പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പട്ടണ പരിഷ്കാരം ഏൽക്കാത്ത ഗ്രാമങ്ങളെ ഗ്രാമങ്ങളായിത്തന്നെ നില നിർത്തണം എന്ന് കരുതിയാണ് ആ ഗ്രാമങ്ങളെ നിലനിർത്താൻ ശ്രമിച്ചത്. അതുകൊണ്ട് അത് കോടതിയിൽ ചോദ്യം ചെയ്തിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ഇവർ കൂട്ടിച്ചേർക്കാൻ ശ്രമിച്ചപ്പോഴും കോടതിയിൽ സ്റ്റേ ഉണ്ടായിരുന്നു. സ്റ്റേ വെക്കേറ്റ് ചെയ്തതിനു ശേഷമാണ് ഇലക്ഷൻ നടന്നത്. ഇവിടെയും സ്റ്റേ വെക്കേറ്റ് ചെയ്ത് കൃത്യസമയത്ത് ഇലക്ഷൻ നടത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞത് ചട്ടങ്ങൾ ഉണ്ടാക്കാൻ വൈകിയതിനെക്കുറിച്ചാണ്. ഇപ്പോൾ ബിൽഡിംഗ് റൂളിൽ എക്സംപ്ഷൻ ഉള്ള പ്രൊവിഷനില്ല ഗ്രാമങ്ങളിലേയ്ക്കുകൂടി ബിൽഡിംഗ് റൂൾ എക്സ്റ്റെൻറ് ചെയ്യാനുള്ള റൂൾസ് ആണ് ഇവിടെ ഉണ്ടാക്കാൻ വൈകിയത്. അത് വളരെ സൂക്ഷിച്ചു ചെയ്യേണ്ട കാര്യമാണ്. പല പ്രദേശങ്ങളും വളരെയധികം സങ്കീർണ്ണതകൾ നിറഞ്ഞതാണ്. അതുകൊണ്ട് ഓരോ പ്രദേശത്തിന്റെയും ഘടനക്കനുസൃതമായ രീതിയിൽ ഈ നിയമങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് അട്ടപ്പാടി, ഇടുക്കി തുടങ്ങിയ പ്രദേശങ്ങളിൽ അതിന് ഒരുപാട് കൺസൾട്ടേഷൻ ആവശ്യമാണ്. അതുകൊണ്ട് കൺസൾട്ടേഷനൊക്കെ നടത്തി റൂൾ ഉണ്ടാക്കാനുള്ള ശ്രമത്തിലാണ്. അതുകൊണ്ടാണ്, വൈകിയത്. ഇവിടെ ഗ്രാമസഭകളെക്കുറിച്ച് പറഞ്ഞു. വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. ഈ ഗ്രാമസഭകളിൽ ഇപ്പോൾ ജനങ്ങൾ വളരെ കുറച്ചേ പങ്കെടുക്കുന്നുള്ളൂ. ഗ്രാമസഭകൾ ഇപ്പോൾ നോക്കുകുത്തികളാകുന്നു എന്ന ആരോപണം ശരിയാണ്. ഇത് വളരെ ഗൗരവമായി കാണേണ്ടതാണ്. നമ്മുടെ അധികാര വികേന്ദ്രീകരണത്തിന്റെ സ്വപ്നം സാക്ഷാൽക്കരിക്കണമെങ്കിൽ അധികാരം ജനങ്ങളിലേയ്ക്ക് എത്തണം. അപ്പോൾ അതിനുള്ള വേദിയായി നമ്മൾ ഗ്രാമസഭകളെ മാറ്റേണ്ടതുണ്ട്. ഗ്രാമസഭകളിൽ ആളുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. അതിന് പ്രധാനപ്പെട്ട കാരണം ഈ ഗുണഭോക്താക്കൾ മാത്രം വന്നു ചേരുന്ന ഒരു സഭയായി മാറിയിരുന്നു എന്നുള്ളതാണ്. ഇപ്പോൾ individual benefits ആണ് കൊടുക്കുന്നത്; കഴിഞ്ഞ കുറേ കാലങ്ങളിൽ ആടുകളും, കോഴികളും കൊടുത്തുകൊണ്ടിരുന്നത് ശരിയായിരുന്നില്ല എന്ന ചിന്ത വരികയും individual benefits കുറയ്ക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ ആളുകൾ വരുന്നില്ല. മദ്ധ്യവർഗ്ഗം, ഉയർന്ന തലത്തിലുള്ള ആളുകൾ എന്നിവർ എത്തിച്ചേരുന്നില്ല. അങ്ങനെ വരുമ്പോൾ ഗ്രാമസഭ എങ്ങനെ സജീവമാക്കാം എന്നതിനെക്കുറിച്ച് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടതാണ്. നമ്മൾ പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കുന്ന ഒരു മെച്ചപ്പെട്ട സാമൂഹിക ക്രമം ഉണ്ടാക്കിയെടുക്കുന്നതിനുള്ള വേദിയായി ഗ്രാമസഭകളെ മാറ്റേണ്ടതുണ്ട്. അതിനുള്ള ശ്രമം ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെയുള്ള നിർദ്ദേശങ്ങളൊക്കെ വളരെ ഗൗരവമായി പരിഗണിക്കാം. പ്രധാന മറുപടി പറയേണ്ട മറ്റു കാര്യങ്ങളൊന്നുമില്ല. ഇവിടെ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ പ്രസക്തമാണെങ്കിൽ അവ കണക്കിലെടുത്ത് സബ്ജക്ട് കമ്മിറ്റി തലത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ പി. രാജേന്ദ്രൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുന്നു.

(7) 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി ഒന്നും പറഞ്ഞില്ല. പഞ്ചായത്തിന് കീഴിൽ വരുന്ന കമ്പനികളും, സ്ഥാപനങ്ങളും എന്നിവയുടെ ലൈസൻസ് കാലാവധി ഒരു വർഷമാണ്. അത് 3 വർഷമായി വർദ്ധിപ്പിക്കുന്ന ബില്ലാണ്. ബില്ലിലും അക്കാര്യം പറഞ്ഞിട്ടുണ്ട്; സർക്കാർ നിശ്ചയിച്ചിട്ടുമുണ്ട്. എന്തിനു നിശ്ചയിച്ചു? എന്താണ് കാരണം? അതു പറയണ്ടേ? അങ്ങനെ പറയുന്നേയില്ല. മന്ത്രി ഇവിടെ വിശദീകരിക്കുമ്പോൾ അതിനെ കുറിച്ച് എന്തെങ്കിലും പറയുമോയെന്ന് ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ഒന്നും പറഞ്ഞില്ല. ഇതുകൊണ്ടുതന്നെ ഗവൺമെന്റിന്റേയും മന്ത്രിയുടേയും ഗൂഢലക്ഷ്യം വളരെ വ്യക്തമാണ്. കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇപ്പോൾ വളരെ മാതൃകാപരമായ ഒരു പ്രവർത്തനം ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രകൃതി സമ്പത്ത് യഥേഷ്ടം

LIBRARY ARCHIVES Kerala Legislative Assembly